## ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കെട്ടുപണിക്കുവേണ്ടിയും, രാജ്യത്തിന്റെ യാഥാർഥ്യത്തിനും പ്രത്യക്ഷതയ്ക്കുംവേണ്ടിയും, കർത്താവിന്റെ വരവിനുവേണ്ടി മണവാട്ടി തന്നെത്താൻ ഒരുക്കുന്നതിനുവേണ്ടിയും നല്ലദേശത്താൽ മുൻകുറിക്കപ്പെടുന്ന സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്മേൽ അധ്വാനിക്കുന്നു

ദൂത് നാല്

### നല്ലദേശമായ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തു— താഴ്‌വരകളിൽനിന്നും മലകളിൽനിന്നും ഒഴുകുന്ന നീരൊഴുക്കുകളുടെയും ഉറവുകളുടെയും തടാകങ്ങളുടെയും ദേശം

JL *Hymns:* E251, ML265

തിരുവെഴുത്ത് വായന: ആവ. 8:7; 11:11-12; യിരെ. 2:13; 17:7-8; യെശ 12:3-6; യോഹ. 4:14

Deut. 8:7 നിന്റെ ദൈവമായ യഹോവ നല്ലോരു ദേശത്തേക്കല്ലോ നിന്നെ കൊണ്ടുപോകുന്നതു; അതു താഴ്‌വരയിൽനിന്നും മലയിൽനിന്നും പുറപ്പെടുന്ന നീരൊഴുക്കുകളും ഉറവുകളും തടാകങ്ങളും ഉള്ള ദേശം;

Deut. 11:11 നിങ്ങൾ കൈവശമാക്കുവാൻ ചെല്ലുന്ന ദേശമോ മലകളും താഴ്‌വരകളും ഉള്ളതായി ആകാശത്തുനിന്നു പെയ്യുന്ന മഴവെള്ളം കുടിക്കുന്നതും

Deut. 11:12 നിന്റെ ദൈവമായ യഹോവ പരിപാലിക്കുന്നതുമായ ദേശമാകുന്നു. ആണ്ടിന്റെ ആരംഭംമുതൽ അവസാനംവരെ നിന്റെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും അതിന്മേൽ ഇരിക്കുന്നു.

Jer. 2:13 എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു: അവർ ജീവജലത്തിന്റെ ഉറവായ എന്നെ ഉപേക്ഷിച്ചു, വെള്ളമില്ലാത്ത കിണറുകളെ, പൊട്ടക്കിണറുകളെ തന്നേ, കുഴിച്ചിരിക്കുന്നു.

Jer. 17:7 യഹോവയിൽ ആശ്രയിക്കയും യഹോവ തന്നേ ആശ്രയമായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ.

Jer. 17:8 അവൻ വെള്ളത്തിന്നരികെ നട്ടിരിക്കുന്നതും ആറ്റരികെ വേരൂന്നിയിരിക്കുന്നതുമായ വൃക്ഷംപോലെയാകും; ഉഷ്ണം തട്ടുമ്പോൾ അതു പേടിക്കയില്ല; അതിന്റെ ഇല പച്ചയായിരിക്കും; വരൾച്ചയുള്ള കാലത്തും വാട്ടം തട്ടാതെ ഫലം കായിച്ചുകൊണ്ടിരിക്കും.

Isa. 12:3 അതുകൊണ്ടു നിങ്ങൾ സന്തോഷത്തോടെ രക്ഷയുടെ ഉറവുകളിൽനിന്നു വെള്ളം കോരും.

Isa. 12:4 അന്നാളിൽ നിങ്ങൾ പറയുന്നതു: യഹോവെക്കു സ്തോത്രം ചെയ്‌വിൻ; അവന്റെ നാമത്തെ വിളിച്ചപേക്ഷിപ്പിൻ; ജാതികളുടെ ഇടയിൽ അവന്റെ പ്രവൃത്തികളെ അറിയിപ്പിൻ; അവന്റെ നാമം ഉന്നതമായിരിക്കുന്നു എന്നു പ്രസ്താവിപ്പിൻ.

Isa. 12:5 യഹോവെക്കു കീർത്തനം ചെയ്‌വിൻ; അവൻ ശ്രേഷ്ഠമായതു ചെയ്തിരിക്കുന്നു; ഇതു ഭൂമിയിൽ എല്ലാടവും പ്രസിദ്ധമായ്‌വരട്ടെ.

Isa. 12:6 സീയോൻ നിവാസികളേ, യിസ്രായേലിന്റെ പരിശുദ്ധൻ നിങ്ങളുടെ മദ്ധ്യേ വലിയവനായിരിക്കയാൽ ഘോഷിച്ചുല്ലസിപ്പിൻ.

John. 4:14b ...എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും എന്ന് ഉത്തരം പറഞ്ഞു.

**I. ഗലാത്യർ 3:14 പറയുന്നു: "അത് അബ്രാഹാമിന്റെ അനുഗ്രഹം ക്രിസ്തു യേശുവിൽ ജാതികൾക്ക് വരേണ്ടതിന്, നാം വിശ്വാസത്താൽ ആത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കേണ്ടതിനാകുന്നു":**

A. ദൈവം അബ്രാഹാമിന് വാഗ്ദത്തം ചെയ്ത അനുഗ്രഹത്തിന്റെ ഭൗതിക വശം നല്ലദേശമായിരുന്നു (ഉല്പ. 12:7; 13:15; 17:8; 26:3-4), അത് സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ (കൊലൊ. 1:12) ഒരു മുൻകുറിയാണ്; ക്രിസ്തു ആത്യന്തികമായി സർവവും-ഉൾക്കൊള്ളുന്ന ജീവൻ നൽകുന്ന ആത്മാവായി സാക്ഷാൽക്കരിക്കപ്പെട്ടിരിക്കുന്നതിനാൽ (1 കൊരി. 15:45; 2 കൊരി. 3:17), വാഗ്ദത്തം ചെയ്യപ്പെട്ട ആത്മാവ് എന്ന അനുഗ്രഹം അബ്രാഹാമിന് വാഗ്ദത്തം ചെയ്യപ്പെട്ട ദേശം എന്ന അനുഗ്രഹത്തോടു യോജിക്കുന്നു.

Gen. 12:7 യഹോവ അബ്രാമിന്നു പ്രത്യക്ഷനായി: നിന്റെ സന്തതിക്കു ഞാൻ ഈ ദേശം കൊടുക്കുമെന്നു അരുളിച്ചെയ്തു. തനിക്കു പ്രത്യക്ഷനായ യഹോവെക്കു അവൻ അവിടെ ഒരു യാഗപീഠം പണിതു.

Gen. 13:15 നീ കാണുന്ന ഭൂമി ഒക്കെയും ഞാൻ നിനക്കും നിന്റെ സന്തതിക്കും ശാശ്വതമായി തരും.

Gen. 17:8 ഞാൻ നിനക്കും നിന്റെ ശേഷം നിന്റെ സന്തതിക്കും നീ പ്രവാസം ചെയ്യുന്ന ദേശമായ കനാൻദേശം ഒക്കെയും ശാശ്വതാവകാശമായി തരും; ഞാൻ അവർക്കു ദൈവമായുമിരിക്കും.

Gen. 26:3 ഈ ദേശത്തു താമസിക്ക; ഞാൻ നിന്നോടുകൂടെ ഇരുന്നു നിന്നെ അനുഗ്രഹിക്കും; നിനക്കും നിന്റെ സന്തതിക്കും ഈ ദേശം ഒക്കെയും തരും; നിന്റെ പിതാവായ അബ്രാഹാമിനോടു ഞാൻ ചെയ്ത സത്യം നിവർത്തിക്കും.

Gen. 26:4 അബ്രാഹാം എന്റെ വാക്കു കേട്ടു എന്റെ നിയോഗവും കല്പനകളും ചട്ടങ്ങളും പ്രമാണങ്ങളും ആചരിച്ചതുകൊണ്ടു

Col. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

1 Cor. 15:45 അങ്ങനെ, "ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹി ആയിത്തീർന്നു" എന്ന് എഴുതിയിരിക്കുന്നു; ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു.

2 Cor. 3:17 കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്.

B. വാസ്തവത്തിൽ, നമ്മുടെ അനുഭവത്തിൽ ക്രിസ്തുവിന്റെ സാക്ഷാൽക്കാരമായ ആത്മാവ്, നമുക്ക് ആസ്വദിക്കുവാനുള്ള ദൈവത്തിന്റെ ധാരാളമായ സഹായത്തിന്റെ ഉറവിടമായ നല്ലദേശമാണ്; ഇതാണ് ക്രിസ്തുവിന്റെ ശരീരത്തിന്റെ സഹായമെന്ന നിലയിൽ "യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായം"—ഫിലി. 1:19.

**II. സർവവും ഉൾക്കൊള്ളുന്ന ആത്മാവെന്ന നിലയിൽ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തു "താഴ്‌വരകളിൽനിന്നും മലകളിൽനിന്നും പുറപ്പെടുന്ന നീരൊഴുക്കകുളും, ഉറവുകളും, തടാകങ്ങളും ഉള്ള ദേശം" ആണ്—ആവ. 8:7; 11:11-12:**

Deut. 11:11 നിങ്ങൾ കൈവശമാക്കുവാൻ ചെല്ലുന്ന ദേശമോ മലകളും താഴ്‌വരകളും ഉള്ളതായി ആകാശത്തുനിന്നു പെയ്യുന്ന മഴവെള്ളം കുടിക്കുന്നതും

Deut. 11:12 നിന്റെ ദൈവമായ യഹോവ പരിപാലിക്കുന്നതുമായ ദേശമാകുന്നു. ആണ്ടിന്റെ ആരംഭംമുതൽ അവസാനംവരെ നിന്റെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും അതിന്മേൽ ഇരിക്കുന്നു.

A. നീരൊഴുക്കുകളും, ഉറവുകളും, തടാകങ്ങളും ഒഴുകുന്ന ആത്മാവായ ക്രിസ്തുവിനെ സൂചിപ്പിക്കുകയും (യോഹ. 4:10, 14; 7:37-39; വെളി. 22:1), താഴ്‌വരകളും മലകളും ഒഴുകുന്ന ആത്മാവായി ക്രിസ്തുവിനെ നാം അനുഭവമാക്കുന്ന വിവിധതരം പരിതസ്ഥിതികളെ സൂചിപ്പിക്കുകയും ചെയ്യുന്നു.

John. 4:10 യേശു അവളോട്, നീ ദൈവത്തിന്റെ ഉപഹാരത്തെയും, എനിക്കു കുടിക്കുവാൻ നൽകുക എന്നു നിന്നോട് പറയുന്നവൻ ആരാകുന്നു എന്നും അറിഞ്ഞിരുന്നെങ്കിൽ, നീ അവനോട് ചോദിക്കുകയും, അവൻ നിനക്ക് ജീവജലം നൽകുകയും ചെയ്യുമായിരുന്നു എന്ന് ഉത്തരം പറഞ്ഞു.

John. 4:14 എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളത്തിൽനിന്ന് കുടിക്കുന്ന ഏവനും ഒരുവിധത്തിലും ഒരുനാളും ദാഹിക്കയില്ല; എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും എന്ന് ഉത്തരം പറഞ്ഞു.

John. 7:37 വിരുന്നിന്റെ മഹാനാളായ, ഒടുക്കത്തെ നാളിൽ, യേശു എഴുന്നേറ്റ് വിളിച്ചുപറഞ്ഞത്, ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ.

John. 7:38 തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും.

John. 7:39 എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു.

Rev. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

B. വേദപുസ്തകത്തിലുടനീളം ജലമെന്ന നിലയിൽ ത്രിയേക ദൈവത്തെ സംബന്ധിച്ച ഒരു രേഖയുണ്ട്—ഉല്പ. 2:10-14; പുറ. 17:5-6; സങ്കീ. 36:8-9; 46:4; യോഹ. 4:10, 14; 7:37-39; 1 കൊരി. 10:4; വെളി. 7:17; 22:1:

Gen. 2:10 തോട്ടം നനെപ്പാൻ ഒരു നദി ഏദെനിൽനിന്നു പുറപ്പെട്ടു; അതു അവിടെനിന്നു നാലു ശാഖയായി പിരിഞ്ഞു.

Gen. 2:11 ഒന്നാമത്തേതിന്നു പീശോൻ എന്നു പേർ; അതു ഹവീലാദേശമൊക്കെയും ചുറ്റുന്നു; അവിടെ പൊന്നുണ്ടു.

Gen. 2:12 ആ ദേശത്തിലെ പൊന്നു മേത്തരമാകുന്നു; അവിടെ ഗുല്ഗുലുവും ഗോമേദകവും ഉണ്ടു.

Gen. 2:13 രണ്ടാം നദിക്കു ഗീഹോൻ എന്നു പേർ; അതു കൂശ്ദേശമൊക്കെയും ചുറ്റുന്നു.

Gen. 2:14 മൂന്നാം നദിക്കു ഹിദ്ദേക്കെൽ എന്നു പേർ; അതു അശ്ശൂരിന്നു കിഴക്കോട്ടു ഒഴുകുന്നു; നാലാം നദി ഫ്രാത്ത് ആകുന്നു.

Exo. 17:5 യഹോവ മോശെയോടു: യിസ്രായേൽമൂപ്പന്മാരിൽ ചിലരെ കൂട്ടിക്കൊണ്ടു നീ നദിയെ അടിച്ച വടിയും കയ്യിൽ എടുത്തു ജനത്തിന്റെ മുമ്പാകെ കടന്നുപോക.

Exo. 17:6 ഞാൻ ഹോരേബിൽ നിന്റെ മുമ്പാകെ പാറയുടെ മേൽ നില്ക്കും; നീ പാറയെ അടിക്കേണം; ഉടനെ ജനത്തിന്നു കുടിപ്പാൻ വെള്ളം അതിൽനിന്നു പുറപ്പെടും എന്നു കല്പിച്ചു. യിസ്രായേൽമൂപ്പന്മാർ കാൺകെ മോശെ അങ്ങനെ ചെയ്തു.

Psa. 36:8 നിന്റെ ആലയത്തിലെ പുഷ്ടി അവർ അനുഭവിച്ചു തൃപ്തി പ്രാപിക്കുന്നു; നിന്റെ ആനന്ദനദി നീ അവരെ കുടിപ്പിക്കുന്നു.

Psa. 36:9 നിന്റെ പക്കൽ ജീവന്റെ ഉറവുണ്ടല്ലോ; നിന്റെ പ്രകാശത്തിൽ ഞങ്ങൾ

പ്രകാശം കാണുന്നു.

Psa. 46:4 ഒരു നദി ഉണ്ടു; അതിന്റെ തോടുകൾ ദൈവനഗരത്തെ, അത്യുന്നതന്റെ വിശുദ്ധനിവാസത്തെ തന്നേ, സന്തോഷിപ്പിക്കുന്നു.

John. 4:10 യേശു അവളോട്, നീ ദൈവത്തിന്റെ ഉപഹാരത്തെയും, എനിക്കു കുടിക്കുവാൻ നൽകുക എന്നു നിന്നോട് പറയുന്നവൻ ആരാകുന്നു എന്നും അറിഞ്ഞിരുന്നെങ്കിൽ, നീ അവനോട് ചോദിക്കുകയും, അവൻ നിനക്ക് ജീവജലം നൽകുകയും ചെയ്യുമായിരുന്നു എന്ന് ഉത്തരം പറഞ്ഞു.

John. 4:14 എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളത്തിൽനിന്ന് കുടിക്കുന്ന ഏവനും ഒരുവിധത്തിലും ഒരുനാളും ദാഹിക്കയില്ല; എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും എന്ന് ഉത്തരം പറഞ്ഞു.

John. 7:37 വിരുന്നിന്റെ മഹാനാളായ, ഒടുക്കത്തെ നാളിൽ, യേശു എഴുന്നേറ്റ് വിളിച്ചുപറഞ്ഞത്, ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ.

John. 7:38 തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും.

John. 7:39 എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു.

1 Cor. 10:4 എല്ലാവരും ഒരേ ആത്മിക പാനീയം കുടിച്ചു; അവർ തങ്ങളെ പിന്തുടർന്ന ആത്മിക പാറയിൽ നിന്ന് കുടിച്ചു, ആ പാറ ക്രിസ്തു ആയിരുന്നു.

Rev. 7:17 എന്തെന്നാൽ സിംഹാസനത്തിനു മധ്യേയുള്ള കുഞ്ഞാട് അവരെ മേയ്ക്കുകയും ജീവജലത്തിന്റെ ഉറവകളിലേക്ക് വഴിനടത്തുകയും ചെയ്യും; ദൈവമോ അവരുടെ കണ്ണുകളിൽനിന്ന് കണ്ണുനീരെല്ലാം തുടച്ചുകളയും.

Rev. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

1. ഉല്പത്തി 2:10-ലെ നദി ജീവജലനദിയെ സൂചിപ്പിക്കുന്നു, അതിനോടു ചേർന്നു ജീവവൃക്ഷം വളരുന്നു; ഈ നദി മനുഷ്യന്റെ ദാഹം ശമിപ്പിക്കുന്നു.

   Gen. 2:10 തോട്ടം നനെപ്പാൻ ഒരു നദി ഏദെനിൽനിന്നു പുറപ്പെട്ടു; അതു അവിടെനിന്നു നാലു ശാഖയായി പിരിഞ്ഞു.

2. സങ്കീർത്തനം 36:8-9-ലെ ഉറവ് ജീവന്റെ ഉറവിടമായ പിതാവിനെയും, നദി ജീവജലനദിയായ ആത്മാവിനെയും സൂചിപ്പിക്കുന്നു—യോഹ. 1:4; 7:37-39.

   Psa. 36:8 നിന്റെ ആലയത്തിലെ പുഷ്ടി അവർ അനുഭവിച്ചു തൃപ്തി പ്രാപിക്കുന്നു; നിന്റെ ആനന്ദനദി നീ അവരെ കുടിപ്പിക്കുന്നു.

   Psa. 36:9 നിന്റെ പക്കൽ ജീവന്റെ ഉറവുണ്ടല്ലോ; നിന്റെ പ്രകാശത്തിൽ ഞങ്ങൾ പ്രകാശം കാണുന്നു.

   John. 1:4 അവനിൽ ജീവൻ ഉണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചം ആയിരുന്നു.

   John. 7:37 വിരുന്നിന്റെ മഹാനാളായ, ഒടുക്കത്തെ നാളിൽ, യേശു എഴുന്നേറ്റ് വിളിച്ചുപറഞ്ഞത്, ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ.

   John. 7:38 തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും.

John. 7:39 എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു.

3. സങ്കീർത്തനം 46:4-ലെ നദി, ദൈവജനത്തിനുള്ള ജീവനെന്ന നില ആത്മാവിലൂടെ ക്രിസ്തുവിൽ ത്രിയേക ദൈവം ഒഴുകുന്നതിനെ സൂചിപ്പിക്കുന്നു.

Psa. 46:4 ഒരു നദി ഉണ്ടു; അതിന്റെ തോടുകൾ ദൈവനഗരത്തെ, അത്യുന്നതന്റെ വിശുദ്ധനിവാസത്തെ തന്നേ, സന്തോഷിപ്പിക്കുന്നു.

4. തന്റെ വീണ്ടെടുക്കപ്പെട്ട ജനത്തിന്റെ ജീവനും ജീവസഹായവുമാകുവാൻ ക്രിസ്തുവിൽ ആത്മാവെന്ന നിലയിൽ അവരിലേക്ക് ഒഴുകുന്ന ദൈവത്തിന്റെ ഒരു പ്രതീകമാണ് ജീവജലം; അത് അടിക്കപ്പെട്ട പാറയിൽനിന്ന് ഒഴുകിയ വെള്ളത്താൽ മുൻകുറിക്കപ്പെടുകയും (പുറ. 17:6; സംഖ്യ. 20:11), കർത്താവായ യേശുവിന്റെ തുളയ്ക്കപ്പെട്ട പാർശ്വ ഭാഗത്തിൽനിന്ന് ഒഴുകിയ വെള്ളത്താൽ പ്രതീകവൽക്കരിക്കപ്പെടുകയും ചെയ്യുന്നു (യോഹ. 19:34).

Exo. 17:6 ഞാൻ ഹോരേബിൽ നിന്റെ മുമ്പാകെ പാറയുടെ മേൽ നില്ക്കും; നീ പാറയെ അടിക്കേണം; ഉടനെ ജനത്തിന്നു കുടിപ്പാൻ വെള്ളം അതിൽനിന്നു പുറപ്പെടും എന്നു കല്പിച്ചു. യിസ്രായേൽമൂപ്പന്മാർ കാൺകെ മോശെ അങ്ങനെ ചെയ്തു.

Num. 20:11 മോശെ കൈ ഉയർത്തി വടികൊണ്ടു പാറയെ രണ്ടു പ്രാവശ്യം അടിച്ചു; വളരെ വെള്ളം പുറപ്പെട്ടു; ജനവും അവരുടെ കന്നുകാലികളും കുടിച്ചു.

John. 19:34 എന്നാൽ പടയാളികളിൽ ഒരുവൻ അവന്റെ വിലാപ്പുറത്ത് കുന്തംകൊണ്ട് കുത്തി, ഉടനെ രക്തവും ജലവും പുറത്തേക്കു വന്നു.

5. വെളിപ്പാട് 22:1-ലെ ജീവജലനദിയും ഉല്പത്തി 2:10-14, സങ്കീർത്തനം 46:4, യെഹെസ്കേൽ 47:5-9 എന്നിവയിലെ നദികളും അതിന്റെ ഒഴുക്കിലെ ജീവന്റെ സമൃദ്ധിയെ സൂചിപ്പിക്കുന്നു; യോഹന്നാൻ 7:38-ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, ഈ ഒരു നദി അതിന്റെ സമ്പന്നതകളോടുകൂടെ നമ്മുടെ അനുഭവത്തിൽ ദൈവത്തിന്റെ ജീവന്റെ ആത്മാവിന്റെ സമ്പന്നതകളുടെ വ്യത്യസ്ത വശങ്ങളുടെ അനേകം നദികളായിത്തീരുന്നു—റോമ. 8:2; 15:30; 1 തെസ്സ. 1:6; 2 തെസ്സ. 2:13; ഗലാ. 5:22-23.

Rev. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

Gen. 2:10 തോട്ടം നനെപ്പാൻ ഒരു നദി ഏദെനിൽനിന്നു പുറപ്പെട്ടു; അതു അവിടെനിന്നു നാലു ശാഖയായി പിരിഞ്ഞു.

Gen. 2:11 ഒന്നാമത്തേതിന്നു പീശോൻ എന്നു പേർ; അതു ഹവീലാദേശമൊക്കെയും ചുറ്റുന്നു; അവിടെ പൊന്നുണ്ടു.

Gen. 2:12 ആ ദേശത്തിലെ പൊന്നു മേത്തരമാകുന്നു; അവിടെ ഗുല്ഗുലുവും ഗോമേദകവും ഉണ്ടു.

Gen. 2:13 രണ്ടാം നദിക്കു ഗീഹോൻ എന്നു പേർ; അതു കൂശ്ദേശമൊക്കെയും ചുറ്റുന്നു.

Gen. 2:14 മൂന്നാം നദിക്കു ഹിദ്ദേക്കെൽ എന്നു പേർ; അതു അശ്ശൂരിന്നു കിഴക്കോട്ടു ഒഴുകുന്നു; നാലാം നദി ഫ്രാത്ത് ആകുന്നു.

Psa. 46:4 ഒരു നദി ഉണ്ടു; അതിന്റെ തോടുകൾ ദൈവനഗരത്തെ, അത്യുന്നതന്റെ വിശുദ്ധനിവാസത്തെ തന്നേ, സന്തോഷിപ്പിക്കുന്നു.

Ezek. 47:5 അവൻ പിന്നെയും ആയിരം മുഴം അളന്നു; അതു എനിക്കു കടപ്പാൻ വഹിയാത്ത ഒരു നദിയായി; വെള്ളം പൊങ്ങി, നീന്തീട്ടല്ലാതെ കടപ്പാൻ വഹിയാത്ത ഒരു നദിയായിത്തീർന്നു.

Ezek. 47:6 അവൻ എന്നോടു: മനുഷ്യപുത്രാ, കണ്ടുവോ എന്നു ചോദിച്ചു; പിന്നെ അവൻ എന്നെ നദീതീരത്തു മടങ്ങിച്ചെല്ലുമാറാക്കി.

Ezek. 47:7 ഞാൻ മടങ്ങിച്ചെന്നപ്പോൾ നദീതീരത്തു ഇക്കരെയും അക്കരെയും അനവധി വൃക്ഷം നില്ക്കുന്നതു കണ്ടു.

Ezek. 47:8 അപ്പോൾ അവൻ എന്നോടു അരുളിച്ചെയ്തതു: ഈ വെള്ളം കിഴക്കെ ഗലീലയിലേക്കു പുറപ്പെട്ടു അരാബയിലേക്കു ഒഴുകി കടലിൽ വീഴുന്നു; ഒഴുകിച്ചെന്നു വെള്ളം കടലിൽ വീണിട്ടു അതിലെ വെള്ളം പത്ഥ്യമായ്തീരും.

Ezek. 47:9 എന്നാൽ ഈ നദി ചെന്നുചേരുന്നെടത്തൊക്കെയും ചലിക്കുന്ന സകലപ്രാണികളും ജീവിച്ചിരിക്കും; ഈ വെള്ളം അവിടെ വന്നതുകൊണ്ടു ഏറ്റവും വളരെ മത്സ്യം ഉണ്ടാകും; ഈ നദി ചെന്നു ചേരുന്നേടത്തൊക്കെയും അതു പത്ഥ്യമായ്തീർന്നിട്ടു സകലവും ജീവിക്കും.

John. 7:38 തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആഴത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും.

Rom. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

Rom. 15:30 സഹോദരന്മാരേ, യെഹൂദ്യയിൽ അനുസരണംകെട്ടവരിൽനിന്ന് ഞാൻ വിടുവിക്കപ്പെടേണ്ടതിനും യെരൂശലേമിനുവേണ്ടിയുള്ള എന്റെ സേവനം വിശുദ്ധന്മാർക്ക് സ്വീകാര്യമാകേണ്ടതിനും,

1 Thes. 1:6 നിങ്ങളോ വളരെ ക്ലേശത്തിൽ, പരിശുദ്ധാത്മാവിന്റെ സന്തോഷത്തോടുകൂടെ വചനം സ്വീകരിച്ചിട്ട്, ഞങ്ങളുടെയും കർത്താവിന്റെയും അനുകാരികൾ ആയിത്തീർന്നു,

2 Thes. 2:13 എന്നാൽ കർത്താവിന്റെ പ്രിയ സഹോദരന്മാരേ, ദൈവം ആദി മുതലേ നിങ്ങളെ ആത്മാവിന്റെ വിശുദ്ധീകരണത്തിലും സത്യത്തിന്റെ വിശ്വാസത്തിലും രക്ഷയിങ്കലേക്ക് തിരഞ്ഞെടുത്തതിനാൽ, നിങ്ങളെക്കുറിച്ച് എപ്പോഴും ദൈവത്തിനു സ്തോത്രം ചെയ്യുവാൻ ഞങ്ങൾ കടപ്പെട്ടിരിക്കുന്നു,

Gal. 5:22 എന്നാൽ ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, നന്മ, വിശ്വസ്തത,

Gal. 5:23 സൗമ്യത, ഇന്ദ്രിയജയം; ഇങ്ങനെയുള്ളവയ്ക്ക് എതിരായി ഒരു ന്യായപ്രമാണവുമില്ല.

**III. "താഴ്വരകളിലും മലകളിലും ഒഴുകുന്ന" ജലം (ആവ. 8:7) സൂചിപ്പിക്കുന്നത് ജീവജലമായ ക്രിസ്തു വ്യത്യസ്ത പരിതസ്ഥിതികളിൽ ഒഴുകുന്നു എന്നാണ് (പ്ര.നി. 1 രാജാ. 20:23, 28):**

1 Kings. 20:23 അരാംരാജാവിനോടു അവന്റെ ഭൃത്യന്മാർ പറഞ്ഞതു: അവരുടെ ദേവന്മാർ പർവ്വതദേവന്മാരാകുന്നു. അതുകൊണ്ടത്രെ അവർ നമ്മെ തോല്പിച്ചതു; സമഭൂമിയിൽവെച്ചു അവരോടു യുദ്ധം ചെയ്താൽ നാം അവരെ തോല്പിക്കും.

1 Kings. 20:28 ഒരു ദൈവപുരുഷൻ അടുത്തുവന്നു യിസ്രായേൽരാജാവിനോടു: യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: യഹോവ പർവ്വതദേവനാകുന്നു; താഴ്വരദേവനല്ല എന്നു അരാമ്യർ പറകകൊണ്ടു ഞാൻ ഈ മഹാസംഘത്തെ ഒക്കെയും നിന്റെ കയ്യിൽ ഏല്പിക്കും; ഞാൻ യഹോവ തന്നേ എന്നു നിങ്ങൾ അറിയും എന്നു പറഞ്ഞു.

A. താഴ്‌വരകൾ ക്രിസ്തുവിന്റെ മരണത്തിന്റെ അനുഭവങ്ങളായ ക്രൂശിന്റെ അനുഭവങ്ങളും, മലകൾ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ അനുഭവങ്ങളും ആണ്—2 കൊരി. 1:9; 4:11, 14.

2 Cor. 1:9 ഞങ്ങളിൽ അല്ല, മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിന്മേൽ ഞങ്ങളുടെ നിശ്ചയം വച്ചുകൊള്ളേണ്ടതിന്, തീർച്ചയായും ഞങ്ങളിൽത്തന്നെ മരണത്തിന്റെ പ്രത്യുത്തരം ഞങ്ങൾക്ക് ഉണ്ടായിരുന്നു;

2 Cor. 4:11 യേശുവിന്റെ ജീവൻ ഞങ്ങളുടെ മർത്യജഡത്തിൽ വെളിവാകേണ്ടതിന്, ജീവിച്ചിരിക്കുന്നവരായ ഞങ്ങൾ യേശു നിമിത്തം എപ്പോഴും മരണത്തിന് ഏൽപ്പിക്കപ്പെടുന്നു.

2 Cor. 4:14 കർത്താവായ യേശുവിനെ ഉയിർപ്പിച്ചവൻ ഞങ്ങളെയും യേശുവിനോടുകൂടെ ഉയിർപ്പിച്ച് നിങ്ങളോടുകൂടെ അവന്റെ മുമ്പാകെ നിർത്തും എന്ന് ഞങ്ങൾ അറിയുന്നു.

B. മൺപാത്രങ്ങളായ നമ്മിൽ നിധിയായി അധിവസിക്കുന്ന ക്രിസ്തു, ക്രിസ്തീയ ജീവിതത്തിനുള്ള സഹായത്തിന്റെ ദിവ്യ സ്രോതസ്സും, നാം പുനരുത്ഥാന ജീവന്റെ പ്രത്യക്ഷതയ്ക്കുവേണ്ടി ഒരു ക്രൂശിക്കപ്പെട്ട ജീവിതം നയിക്കുന്നതിനുള്ള ഉൽകൃഷ്ടമായ ശക്തിയും ആണ്—വാ. 7; ഫിലി. 4:13:

2 Cor. 4:7 എന്നാൽ ഈ ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്, ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്.

Phil. 4:13 എന്നെ, ശക്തനാക്കുന്നവനിൽ സകലവും ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു.

1. പൗലൊസ് തന്നെയും തന്റെ കൂട്ടുവേലക്കാരെയും കുറിച്ച് ഇപ്രകാരം പറഞ്ഞു, "ഞങ്ങൾ ജീവനോടിരിക്കുമോ എന്നുപോലും നിരാശപ്പെടുമാറ്, ഞങ്ങളുടെ ശക്തിക്ക് അതീതമായി ഞങ്ങൾ അത്യധികം ഭാരപ്പെട്ടു. ഞങ്ങളിൽ അല്ല, മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിന്മേൽ ഞങ്ങളുടെ നിശ്ചയം വച്ചുകൊള്ളേണ്ടതിനു തന്നെ"—2 കൊരി. 1:8-9.

2. വാസ്തവത്തിൽ, പുനരുത്ഥാനത്തിന് വെളിവാകേണ്ടതിന് മരണവും, നിരുത്സാഹവും, നിരാശയും ആവശ്യമാണ് (വാ. 4; 7:5-6); നാം പുനരുത്ഥാനത്തിന്റെ ദൈവത്തെ ആസ്വദിക്കേണ്ടതിന് ക്രൂശിന്റെ പ്രവർത്തനം നമ്മുടെ സ്വയത്തെ അവസാനിപ്പിക്കുന്നു.

2 Cor. 1:4 ദൈവം ഞങ്ങളെ ആശ്വസിപ്പിച്ച ആശ്വാസത്താൽ, സകല ക്ലേശത്തിലും ആയിരിക്കുന്നവരെ ഞങ്ങൾക്ക് ആശ്വസിപ്പിക്കുവാൻ കഴിയേണ്ടതിന്, ഞങ്ങളുടെ സകല ക്ലേശത്തിലും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു.

2 Cor. 7:5 ഞങ്ങൾ മക്കെദോന്യയിലേക്ക് വന്നപ്പോഴും, ഞങ്ങളുടെ ജഡത്തിന് ഒരു വിശ്രമവും ഉണ്ടായിരുന്നില്ല, സകലത്തിലും ക്ലേശിക്കപ്പെടുകയത്രേ ചെയ്തത്; പുറമേ പോരാട്ടവും ഉള്ളിൽ ഭയവും ആയിരുന്നു.

2 Cor. 7:6 എന്നാൽ ധൈര്യമറ്റവരെ ആശ്വസിപ്പിക്കുന്നവനായ ദൈവം, തീത്തൊസിന്റെ വരവിനാൽ ഞങ്ങളെ ആശ്വസിപ്പിച്ചു;

C. പൗലൊസ് തന്റെ ശുശ്രൂഷ നിർവഹിക്കുന്നതിനുവേണ്ടി ക്രൂശിന്റെ കൊല്ലലിൻ കീഴിൽ പുനരുത്ഥാന ജീവനെ ജീവിച്ചു; "യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിവാകേണ്ടതിന് യേശുവിന്റെ മരിപ്പിക്കൽ എപ്പോഴും ശരീരത്തിൽ വഹിച്ചുകൊണ്ട് നടക്കുന്നു"—4:10:

1. അനുലോമപരമായ ഒരു അർഥത്തിൽ, യേശു നമ്മെ സുഖപ്പെടുത്തുവാനും നമ്മെ ജീവിപ്പിക്കുവാനുമായി നമ്മുടെ ഉള്ളിലെ എല്ലാ പ്രതിലോമ കാര്യങ്ങളെയും എപ്പോഴും കൊന്നുകൊണ്ടിരിക്കുന്നു—ഫിലി 1:19; പ്ര.നി. പുറ. 30:23-25.

Phil. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

Exo. 30:23 മേത്തരമായ സുഗന്ധവർഗ്ഗമായി വിശുദ്ധമന്ദിരത്തിലെ തൂക്കപ്രകാരം അഞ്ഞൂറു ശേക്കെൽ അയഞ്ഞ മൂരും അതിൽ പാതി ഇരുനൂറ്റമ്പതു ശേക്കെൽ സുഗന്ധലവംഗവും ഇരുനൂറ്റമ്പതു ശേക്കെൽ വയമ്പും

Exo. 30:24 അഞ്ഞൂറു ശേക്കെൽ വഴനത്തൊലിയും ഒരു ഹീൻ ഒലിവെണ്ണയും എടുത്തു

Exo. 30:25 തൈലക്കാരന്റെ വിദ്യപ്രകാരം ചേർത്തുണ്ടാക്കിയ വിശുദ്ധമായ അഭിഷേക തൈലമാക്കേണം; അതു വിശുദ്ധമായ അഭിഷേക തൈലമായിരിക്കേണം.

2. ദൈവത്തെ നമ്മിലേക്ക് സ്വീകരിക്കുവാൻ നാം രാവിലെ നമ്മെത്തന്നെ തിരസ്കരിക്കുമ്പോൾ, ദിവസം ഉടനീളം നമ്മുടെ ഉള്ളിൽ ഒരു കൊല്ലലിൻ പ്രക്രിയ നടക്കുന്നുകൊണ്ടിരിക്കുവെന്ന ബോധം നമുക്കുണ്ട്—പ്ര.നി. സദൃ. 4:18.

Prov. 4:18 നീതിമാന്മാരുടെ പാതയോ പ്രഭാതത്തിന്റെ വെളിച്ചംപോലെ; അതു നട്ടുച്ചവരെ അധികമധികം ശോഭിച്ചു വരുന്നു.

D. "യേശുവിന്റെ ജീവൻ ഞങ്ങളുടെ മർത്യജഡത്തിൽ വെളിവാകേണ്ടതിന്, ജീവിച്ചിരിക്കുന്നവരായ ഞങ്ങൾ യേശു നിമിത്തം എപ്പോഴും മരണത്തിന് ഏല്പിക്കപ്പെടുന്നു"—2 കൊരി. 4:11:

1. ക്രൂശിന്റെ കൊല്ലൽ പുനരുത്ഥാന ജീവന്റെ പ്രത്യക്ഷതയിൽ പരിണമിക്കുന്നു; ദിവസേനയുള്ള ഈ കൊല്ലൽ പുനരുത്ഥാനത്തിൽ ദിവ്യജീവന്റെ വിടുതലിനു വേണ്ടിയാണ്—1 കൊരി. 15:31; 2 കൊരി. 4:16.

1 Cor. 15:31 സഹോദരന്മാരേ, നമ്മുടെ കർത്താവായ ക്രിസ്തു യേശുവിൽ എനിക്കു, നിങ്ങളിലുള്ള പ്രശംസയാൽ, ഞാൻ ദിവസവും മരിക്കുന്നു.

2 Cor. 4:16 അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു.

2. കർത്താവായ യേശു ഭൂമിയിൽ ജീവിച്ചതുപോലുള്ള ഒരു ജീവിതം അപ്പൊസ്തലന്മാർ ജീവിച്ചു; കർത്താവിന്റെ ജീവിതം, പുനരുത്ഥാനജീവൻ വെളിപ്പെടുന്നതിനുവേണ്ടി ക്രൂശിന്റെ കൊല്ലലിൻ കീഴിലുള്ള ഒരു ജീവിതം ആയിരുന്നു, അത് അവന്റെ വ്യക്തി അവന്റെ ശുശ്രൂഷയുമായി ഒന്നായിരുന്നതും അവന്റെ ജീവിതം അവന്റെ ശുശ്രൂഷയായിരുന്നതുമായ ഒരു ജീവിതം ആയിരുന്നു—യോഹ. 6:14-15; 12:13, 19, 23-24.

John. 6:14 അതുകൊണ്ട് ജനം, അവൻ ചെയ്ത അടയാളം കണ്ടിട്ട്, സത്യമായും ലോകത്തിലേക്കു വരുവാനുള്ള പ്രവാചകൻ ഇവനാകുന്നു എന്നു പറഞ്ഞു.

John. 6:15 അവർ വന്നു തന്നെ ബലമായി പിടിച്ച് രാജാവാക്കുവാൻ പോകുന്നു

എന്ന് യേശു അറിഞ്ഞിട്ട്, പിന്നെയും ഒറ്റയ്ക്ക് മലയിലേക്കു പിൻവാങ്ങി.

John. 12:13 ഈത്തപ്പനകളുടെ ശാഖകൾ എടുത്ത് അവനെ എതിരേൽക്കുവാൻ പുറത്തേക്കു പോകുകയും, ഹോശന്നാ! കർത്താവിന്റെ നാമത്തിൽ വരുന്നവനായ യിസ്രായേലിന്റെ രാജാവ് അനുഗൃഹീതൻ! എന്ന് ആർക്കുകയും ചെയ്തു.

John. 12:19 അപ്പോൾ പരീശന്മാർ അന്യോന്യം, നിങ്ങൾ പ്രയോജനമുള്ളതൊന്നും ചെയ്യുന്നില്ല എന്നു കാണുക; ഇതാ, ലോകം അവന്റെ പിന്നാലെ പോയിരിക്കുന്നു എന്ന് പറഞ്ഞു.

John. 12:23 യേശു അവരോട് ഉത്തരം പറഞ്ഞത്, മനുഷ്യപുത്രൻ തേജസ്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു.

John. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

E. "ആകയാൽ മരണം ഞങ്ങളിൽ വ്യാപരിക്കുന്നു, നിങ്ങളിൽ ജീവനും" (2 കൊരി. 4:12); നാം കർത്താവിന്റെ മരണത്തിന്റെ കൊല്ലലിൻ കീഴിലായിരിക്കുമ്പോൾ, അവന്റെ പുനരുത്ഥാനജീവൻ നമ്മിലൂടെ മറ്റുള്ളവരിലേക്ക് പകരപ്പെടുന്നു:

1. സഭ നിലവിൽ വരുവാനും വർധിക്കുവാനുമുള്ള മാർഗം മാനുഷിക മഹത്വത്താലല്ല; അത് ദിവ്യജീവന്റെ തീയുടെ വിടുതലിനുവേണ്ടിയുള്ള ക്രൂശിലെ മരണത്താലാണ്—ലൂക്കൊ. 12:49-50; യോഹ. 2:19; 12:24-26.

Luke. 12:49 ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു, അത് ഇപ്പോഴെ കത്തിച്ചിരുന്നെങ്കിൽ എന്നു ഞാൻ എത്രമാത്രം ആഗ്രഹിക്കുന്നു!

Luke. 12:50 എന്നാൽ എനിക്കു സ്നാനപ്പെടുവാൻ ഒരു സ്നാനമുണ്ട്, അതു നിറവേറുംവരെ ഞാൻ എത്രത്തോളം ഞെരുങ്ങുന്നു!

John. 2:19 യേശു അവരോട്, ഈ ദൈവാലയത്തെ നശിപ്പിക്കുവിൻ, മൂന്നു നാളുകളിൽ ഞാൻ അതിനെ ഉയിർത്തും എന്ന് ഉത്തരം പറഞ്ഞു.

John. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

John. 12:25 തന്റെ ദേഹിജീവനെ സ്നേഹിക്കുന്നവൻ അതിനെ നഷ്ടമാക്കുന്നു; ഈ ലോകത്തിൽ തന്റെ ദേഹിജീവനെ വെറുക്കുന്നവനോ, നിത്യജീവങ്കലേക്ക് അതിനെ സൂക്ഷിക്കും.

John. 12:26 ആരെങ്കിലും എന്നെ സേവിക്കുന്നെങ്കിൽ, അവൻ എന്നെ അനുഗമിക്കട്ടെ; ഞാൻ എവിടെ ആയിരിക്കുന്നുവോ, അവിടെ എന്റെ സേവകനും ആയിരിക്കും. ആരെങ്കിലും എന്നെ സേവിക്കുന്നെങ്കിൽ അവനെ പിതാവ് മാനിക്കും.

2. പുനരുത്ഥാനത്തിൽ അനേകം മണികളിലേക്ക് തന്റെ നിത്യജീവൻ വിടുവിക്കേണ്ടതിന് ഒരു ഗോതമ്പുമണിയെന്ന നിലയിൽ കർത്താവ് നിലത്തു വീണ് മരണത്തിലൂടെ തന്റെ ദേഹി-ജീവനെ നഷ്ടമാക്കി; പുനരുത്ഥാനത്തിൽ നിത്യജീവനെ ആസ്വദിക്കേണ്ടതിന്, അനേകം മണികളെന്ന നിലയിൽ നാമും മരണത്തിലൂടെ ദേഹി-ജീവനെ നഷ്ടമാക്കണം.

**IV. യിരെമ്യാവ് 2:13 പറയുന്നു: "എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു: അവർ ജീവജലത്തിന്റെ ഉറവായ എന്നെ ഉപേക്ഷിച്ചു, വെള്ളമില്ലാത്ത കിണറുകളെ, പൊട്ടക്കിണറുകളെ തന്നെ, കുഴിച്ചിരിക്കുന്നു."**

A. ദൈവജനം ചെയ്ത ദോഷങ്ങൾ, അവർ തങ്ങളുടെ ഉറവെന്ന നിലയിൽ തങ്ങളുടെ സ്രോതസ്സായ ദൈവത്തെ ഉപേക്ഷിച്ചതും, ദൈവമല്ലാത്ത മറ്റൊരു സ്രോതസ്സിലേക്ക് അവർ തിരിയുകയും ചെയ്തതായിരുന്നു.

B. കിണറുകൾ കുഴിക്കുന്നത് ദൈവത്തിനു പകരമായി ചിലത് (വിഗ്രഹങ്ങൾ) ഉണ്ടാക്കുന്നതിലുള്ള തങ്ങളുടെ മാനുഷിക പ്രയത്നത്തിൽ യിസ്രായേലിന്റെ അധ്വാനത്തെ ചിത്രീകരിക്കുന്നു; കിണറുകൾ പൊട്ടിയതും വെള്ളം ഉൾക്കൊള്ളുവാൻ കഴിഞ്ഞില്ല എന്നതും സൂചിപ്പിക്കുന്നത്, ജീവജലമായി ദൈവംതന്നെ നമ്മിലേക്ക് പകരപ്പെടാതെ യാതൊന്നിനും നമ്മുടെ ദാഹം ശമിപ്പിക്കുവാനും അവന്റെ ആവിഷ്കാരത്തിനായി നമ്മെ ദൈവത്തിന്റെ വർദ്ധനവാക്കുവാനും കഴിയുകയില്ല എന്നാണ്—യോഹ. 4:13-14.

John. 4:13 യേശു അവളോട്, ഈ വെള്ളത്തിൽനിന്ന് കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും,

John. 4:14 എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളത്തിൽനിന്ന് കുടിക്കുന്ന ഏവനും ഒരുവിധത്തിലും ഒരുനാളും ദാഹിക്കയില്ല; എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും എന്ന് ഉത്തരം പറഞ്ഞു.

C. ദൈവത്തിന്റെ ദൃഷ്ടിയിൽ, അവനിൽനിന്ന് കുടിക്കുവാൻ വരാത്തവനാണ് ദുഷ്ടനായ ദുഷ്പ്രവൃത്തിക്കാരൻ, (യെശ. 55:7); ദുഷ്ടന്മാരുടെ ദുഷിച്ച അവസ്ഥ, അവർ കർത്താവിനെ ഭക്ഷിക്കുവാനും പാനംചെയ്യുവാനും ആസ്വദിക്കുവാനുമായി കർത്താവിന്റെ അടുക്കൽ വരുന്നില്ല എന്നതാണ്; അവർ അനേകം കാര്യങ്ങൾ ചെയ്യുന്നു, എന്നാൽ കർത്താവിനെ ബന്ധപ്പെടുവാനും, അവനെ എടുക്കുവാനും, അവനെ സ്വീകരിക്കുവാനും അവനെ രുചിക്കുവാനും, അവനെ ആസ്വദിക്കവാനും അവർ വരുന്നില്ല; ദൈവത്തിന്റെ ദൃഷ്ടിയിൽ ഇതിനെക്കാൾ തിന്മയായ മറ്റൊന്നില്ല (57:20-21; പ്ര.നി. 55:1-2).

Isa. 55:7 ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ചു യഹോവയിങ്കലേക്കു തിരിയട്ടെ; അവൻ അവനോടു കരുണകാണിക്കും; നമ്മുടെ ദൈവത്തിങ്കലേക്കു തിരിയട്ടെ; അവൻ ധാരാളം ക്ഷമിക്കും.

Isa. 57:20 ദുഷ്ടന്മാരോ കലങ്ങിമറിയുന്ന കടൽപോലെയാകുന്നു; അതിന്നു അടങ്ങിയിരിപ്പാൻ കഴികയില്ല; അതിലെ വെള്ളം ചേറും ചെളിയും മേലോട്ടു തള്ളുന്നു.

Isa. 57:21 ദുഷ്ടന്മാർക്കു സമാധാനമില്ല എന്നു എന്റെ ദൈവം അരുളിച്ചെയ്യുന്നു.

Isa. 55:1 അല്ലയോ, ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമായുള്ളോരേ വെള്ളത്തിന്നു വരുവിൻ: വന്നു വാങ്ങി തിന്നുവിൻ; നിങ്ങൾ വന്നു ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ.

Isa. 55:2 അപ്പമല്ലാത്തതിന്നു ദ്രവ്യവും തൃപ്തിവരുത്താത്തതിന്നു നിങ്ങളുടെ പ്രയത്നഫലവും ചെലവിടുന്നതെന്തിന്നു? എന്റെ വാക്കു ശ്രദ്ധിച്ചു കേട്ടു നന്മ അനുഭവിപ്പിൻ പുഷ്ടഭോജനം കഴിച്ചു മോദിച്ചുകൊൾവിൻ.

**V. ജീവജലം കുടിക്കുകയും ഒഴുക്കുകയും ചെയ്യേണ്ടതിന് രക്ഷയുടെ ഉറവുകളിൽനിന്നും നാം വെള്ളം കോരുന്ന ശീലം കെട്ടിപ്പടുക്കേണ്ടതാവശ്യമാണ്—12:3-6; യോഹ. 7:37-39; സദൃ. 11:25:**

Isa. 12:3 അതുകൊണ്ടു നിങ്ങൾ സന്തോഷത്തോടെ രക്ഷയുടെ ഉറവുകളിൽനിന്നു വെള്ളം കോരും.

Isa. 12:4 അന്നാളിൽ നിങ്ങൾ പറയുന്നതു: യഹോവെക്കു സ്തോത്രം ചെയ്വിൻ;

അവന്റെ നാമത്തെ വിളിച്ചപേക്ഷിപ്പിൻ; ജാതികളുടെ ഇടയിൽ അവന്റെ പ്രവൃത്തികളെ അറിയിപ്പിൻ; അവന്റെ നാമം ഉന്നതമായിരിക്കുന്നു എന്നു പ്രസ്താവിപ്പിൻ.

Isa. 12:5 യഹോവെക്കു കീർത്തനം ചെയ്വിൻ; അവൻ ശ്രേഷ്ഠമായതു ചെയ്തിരിക്കുന്നു; ഇതു ഭൂമിയിൽ എല്ലാടവും പ്രസിദ്ധമായ്‌വരട്ടെ.

Isa. 12:6 സീയോൻ നിവാസികളേ, യിസ്രായേലിന്റെ പരിശുദ്ധൻ നിങ്ങളുടെ മദ്ധ്യേ വലിയവനായിരിക്കയാൽ ഘോഷിച്ചുല്ലസിപ്പിൻ.

John. 7:37 വിരുന്നിന്റെ മഹാനാളായ, ഒടുക്കത്തെ നാളിൽ, യേശു എഴുന്നേറ്റ് വിളിച്ചുപറഞ്ഞത്, ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ.

John. 7:38 തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും.

John. 7:39 എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു.

Prov. 11:25 ഔദാര്യമാനസൻ പുഷ്ടി പ്രാപിക്കും; തണുപ്പിക്കുന്നവന്നു തണുപ്പു കിട്ടും.

A. കർത്താവിനോട് സംസാരിച്ചുകൊണ്ടും, കർത്താവിനാലും കർത്താവിനു വേണ്ടിയും കർത്താവിലും കർത്താവിനോടു കൂടെയും രക്ഷയുടെ ഉറവുകളിൽനിന്നും സന്തോഷത്തോടെ നാം വെള്ളം കോരണം—യെശ. 12:3-6; ഫിലി. 4:6-7, 12; പ്ര.നി. *ഗീതം*, #255.

Isa. 12:3 അതുകൊണ്ടു നിങ്ങൾ സന്തോഷത്തോടെ രക്ഷയുടെ ഉറവുകളിൽനിന്നു വെള്ളം കോരും.

Isa. 12:4 അന്നാളിൽ നിങ്ങൾ പറയുന്നതു: യഹോവെക്കു സ്തോത്രം ചെയ്വിൻ; അവന്റെ നാമത്തെ വിളിച്ചപേക്ഷിപ്പിൻ; ജാതികളുടെ ഇടയിൽ അവന്റെ പ്രവൃത്തികളെ അറിയിപ്പിൻ; അവന്റെ നാമം ഉന്നതമായിരിക്കുന്നു എന്നു പ്രസ്താവിപ്പിൻ.

Isa. 12:5 യഹോവെക്കു കീർത്തനം ചെയ്വിൻ; അവൻ ശ്രേഷ്ഠമായതു ചെയ്തിരിക്കുന്നു; ഇതു ഭൂമിയിൽ എല്ലാടവും പ്രസിദ്ധമായ്‌വരട്ടെ.

Isa. 12:6 സീയോൻ നിവാസികളേ, യിസ്രായേലിന്റെ പരിശുദ്ധൻ നിങ്ങളുടെ മദ്ധ്യേ വലിയവനായിരിക്കയാൽ ഘോഷിച്ചുല്ലസിപ്പിൻ.

Phil. 4:6 ഒന്നിലും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർഥനയാലും അപേക്ഷയാലും സ്തോത്രത്തോടുകൂടെ നിങ്ങളുടെ അപേക്ഷകൾ ദൈവത്തോട് അറിയിക്കുവിൻ;

Phil. 4:7 സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിങ്ങളുടെ ചിന്തകളെയും ക്രിസ്തു യേശുവിൽ കാക്കും.

Phil. 4:12 താഴ്ചയിൽ ആയിരിക്കുവാൻ എനിക്കറിയാം, സമൃദ്ധിയിൽ ആയിരിക്കുവാനും എനിക്കറിയാം; നിറഞ്ഞിരിക്കുവാനും വിശന്നിരിക്കുവാനും, സമൃദ്ധിയിലായിരിക്കുവാനും ബുദ്ധിമുട്ടിലായിരിക്കുവാനും, ഓരോന്നിലും എല്ലാറ്റിലും ഞാൻ രഹസ്യം പഠിച്ചിരിക്കുന്നു..

*Hymns* #ML150

1

കർത്താ, നിൻ ആത്മാവേ ഊതു,
ശ്വസിപ്പാൻ പഠിപ്പിക്കാ;

പാപം സ്വയമായെൻ ജീവിതം
നിൻ മാറിൽ ഞാൻ പകരുന്നു.

എൻ സങ്കടങ്ങൾ പാപങ്ങൾ,
പുറത്തേക്കൂതിടുന്നു;
നിൻ സർവ്വ പൂർണതയും ഞാൻ,
ഉള്ളിലേക്കു ശ്വസിപ്പൂ.

2
ഊതുന്നെൻ സ്വന്ത ജീവനെ,
നിൻ ജീവനാൽ നിറഞ്ഞീടാൻ
ഊതുന്നെൻ ശക്തി, അശക്തി,
നിൻ ദിവ്യജീവൻ ശ്വസിപ്പാൻ.
3
ഊതുന്നെൻ പാപസ്വഭാവം,
നീ എനിക്കായി വഹിച്ചു;
ശ്വസിപ്പൂ നിൻ പൂർണ ശുദ്ധി,
എന്റെ ജീവിതം നിന്നിൽ.
4
എൻ ക്ലേശം ഞാൻ ഊതിടുന്നു,
കരുണയുള്ള നിൻ മാറിൽ;
ശ്വസിക്കുന്നു നിൻ ആനന്ദം,
സ്വസ്ഥത സമാധാനം.
5
എൻ രോഗം ഞാൻ ഊതിടുന്നു,
വഹിച്ചു നീ എനിക്കായി;
നിൻ സൗഖ്യം ഞാൻ ശ്വസിക്കുന്നു,
വാഗ്ദത്തം ചെയ്തതു പോൽ.
6
എൻ വാഞ്ഛകൾ ഊതിടുന്നു
ശ്രദ്ധിക്കും കാതുകളിൽ;
ശ്വസിക്കും നിൻ ഉത്തരങ്ങൾ,
നീങ്ങി ഭയം സംശയം.
7
ഞാൻ എപ്പോഴും ശ്വസിക്കുന്നു,
നിന്നിൽ നിന്നും എൻ ജീവൻ;
ശ്വാസം ശ്വാസമായി ജീവിപ്പാൻ,
എന്നിലേക്ക് ഊതു കർത്താ.

B. നാം കർത്താവിനെ സ്തുതിക്കുകയും, അവനിൽ സന്തോഷിക്കുകയും, എപ്പോഴും സ്തോത്രം ചെയ്യുകയും, കർത്താവിന് പാടുകയും വേണം—1 തെസ്സ. 5:16-18; ഫിലി. 4:4; എബ്രാ. 13:15; സങ്കീ. 119:164; എഫെ. 5:18-20.

1 Thes. 5:16 എപ്പോഴും സന്തോഷിക്കുവിൻ,

1 Thes. 5:17 ഇടവിടാതെ പ്രാർഥിക്കുവിൻ,

1 Thes. 5:18 എല്ലാറ്റിലും സ്തോത്രം ചെയ്യുവിൻ; എന്തെന്നാൽ ഇതാകുന്നു നിങ്ങൾക്കു വേണ്ടി ക്രിസ്തു യേശുവിലുള്ള ദൈവഹിതം.

Phil. 4:4 കർത്താവിൽ എപ്പോഴും സന്തോഷിക്കുവിൻ; വീണ്ടും ഞാൻ പറയും, സന്തോഷിക്കുവിൻ.

Heb. 13:15 അങ്ങനെ അവനിലൂടെ അവന്റെ നാമത്തെ ഏറ്റുപറയുന്ന, അധരഫലം എന്ന സ്തോത്രയാഗം നമുക്ക് ഇടവിടാതെ ദൈവത്തിന് അർപ്പിക്കാം.

Psa. 119:164 നിന്റെ നീതിയുള്ള വിധികൾനിമിത്തം ഞാൻ ദിവസം ഏഴു പ്രാവശ്യം നിന്നെ സ്തുതിക്കുന്നു.

Eph. 5:18 വീഞ്ഞ് കുടിച്ച് മത്തരാകരുത്, അതിന്മൂലം നിയന്ത്രണമില്ലായ്മ ഉണ്ടാകുന്നു, എന്നാൽ ആത്മാവിൽ നിറഞ്ഞവരാകുവിൻ,

Eph. 5:19 സങ്കീർത്തനങ്ങളാലും ഗീതങ്ങളാലും ആത്മിക ഗാനങ്ങളാലും അന്യോന്യം സംസാരിച്ചും, നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും,

Eph. 5:20 എല്ലാറ്റിനും വേണ്ടി എപ്പോഴും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിൽ നമ്മുടെ ദൈവവും പിതാവുമായവന് സ്തോത്രം ചെയ്തും,

C. നാം കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കണം—പ്രവൃ. 2:21; 1 കൊരി. 12:13, 3; 1 തെസ്സ. 5:17; 1 കൊരി. 1:2; ന്യായാ. 15:18-19; വിലാ. 3:55-56; *ഗീതം*, #73.

Acts. 2:21 കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും."

1 Cor. 12:13 യെഹൂദന്മാരോ യവനന്മാരോ ആകട്ടെ, അടിമകളോ സ്വതന്ത്രരോ ആകട്ടെ, നമ്മെ എല്ലാവരെയും ഒരു ആത്മാവിൽ ഒരു ശരീരത്തിലേക്ക് സ്നാനപ്പെടുത്തുകയും, എല്ലാവർക്കും ഒരു ആത്മാവിനെ പാനം ചെയ്യുവാൻ നൽകുകയും ചെയ്തു.

1 Cor. 12:3 അതിനാൽ ദൈവാത്മാവിൽ സംസാരിക്കുന്ന ആരും യേശു ശപിക്കപ്പെട്ടവൻ എന്നു പറയുകയില്ല; പരിശുദ്ധാത്മാവിൽ അല്ലാതെ, യേശു കർത്താവ് എന്നു പറയുവാൻ ആർക്കും കഴിയുകയുമില്ല എന്ന് ഞാൻ നിങ്ങളെ അറിയിക്കുന്നു.

1 Thes. 5:17 ഇടവിടാതെ പ്രാർഥിക്കുവിൻ,

1 Cor. 1:2 കൊരിന്തിലുള്ള ദൈവസഭയ്ക്ക്, ക്രിസ്തു യേശുവിൽ, വിശുദ്ധീകരിക്കപ്പെട്ടവരും, എല്ലായിടത്തും അവരുടെയും നമ്മുടെയുമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടുംകൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാർക്ക്:

Judg. 15:18 പിന്നെ അവൻ വളരെ ദാഹിച്ചിട്ടു യഹോവയോടു നിലവിളിച്ചു: അടിയന്റെ കയ്യാൽ ഈ മഹാജയം നീ നല്കിയല്ലോ; ഇപ്പോൾ ഞാൻ ദാഹംകൊണ്ടു മരിച്ചു അഗ്രചർമ്മികളുടെ കയ്യിൽ വീഴേണമോ എന്നു പറഞ്ഞു.

Judg. 15:19 അപ്പോൾ ദൈവം ലേഹിയിൽ ഒരു കുഴി പിളരുമാറാക്കി, അതിൽനിന്നു വെള്ളം പുറപ്പെട്ടു; അവൻ കുടിച്ചു ചൈതന്യം പ്രാപിച്ചു വീണ്ടും ജീവിച്ചു. അതുകൊണ്ടു അതിന്നു ഏൻ-ഹക്കോരേ എന്നു പേരായി; അതു ഇന്നുവരെയും ലേഹിയിൽ ഉണ്ടു.

Lam. 3:55 യഹോവേ, ഞാൻ ആഴമുള്ള കുണ്ടറയിൽനിന്നു നിന്റെ നാമത്തെ വിളിച്ചപേക്ഷിച്ചിരിക്കുന്നു.

Lam. 3:56 എന്റെ നെടുവീർപ്പിന്നും എന്റെ നിലവിളിക്കും ചെവി പൊത്തിക്കളയരുതേ എന്നുള്ള എന്റെ പ്രാർത്ഥന നീ കേട്ടിരിക്കുന്നു.

*Hymns* #ML138

1

മഹത്വമാം നാമം യേശു,
മറയും നിൻ നാമത്തിൽ;
സ്തുതി ആരാധന നൽകും,
നിൻ നാമം വിജയമേ!
2
അനുഗൃഹീതനാം യേശു!
നിൻ നാമം എൻ ആവശ്യം;
നിൻ നാമം ശ്വസിക്കുന്നതോ,
ജീവൻ കുടിക്കുന്നത്.
3
യേശുവിൻ നാമത്തിൻ ശക്തി,
വാനം ഭൂമി ചൊല്ലീടും;
ക്ഷമിക്കപ്പെട്ടവർ മാത്രം,
യേശു നാമം അറിയൂ.
4
യേശു! നാമം അമൂല്യമേ,
വേദനയിൻ ആശ്വാസം;
നിൻ നാമത്തിൽ കീഴടക്കും,
വരുന്നോനാം കർത്താവേ.

D. ക്രിസ്തു എന്താണ് നിവർത്തിച്ചതെന്ന് മറ്റുള്ളവരെ അറിയിച്ചുകൊണ്ട് നാം സുവിശേഷം പ്രസംഗിക്കണം—റോമ. 1:16; യോഹ. 4:32-34; ഫിലി. 2:9; 1 പത്രൊ. 2:9.

Rom. 1:16 സുവിശേഷത്തെക്കുറിച്ച് ഞാൻ ലജ്ജിക്കുന്നില്ല, അത് വിശ്വസിക്കുന്ന ഏവനും, ആദ്യം യെഹൂദനും പിന്നെ യവനനും, രക്ഷയിങ്കലേക്കുള്ള ദൈവശക്തി ആകുന്നുവല്ലോ.

John. 4:32 എന്നാൽ അവൻ അവരോട്, നിങ്ങൾ അറിയാത്ത ആഹാരം എനിക്കു ഭക്ഷിക്കുവാൻ ഉണ്ട്, എന്നു പറഞ്ഞു.

John. 4:33 അതുകൊണ്ട് ശിഷ്യന്മാർ പരസ്പരം, ആരെങ്കിലും അവനു ഭക്ഷിക്കുവാൻ കൊണ്ടുവന്നോ? എന്നു ചോദിച്ചു

John. 4:34 യേശു അവരോട്, എന്റെ ആഹാരം എന്നെ അയച്ചവന്റെ ഹിതം ചെയ്ത് അവന്റെ വേല പൂർത്തിയാക്കുന്നതാകുന്നു.

Phil. 2:9 അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി, സകല നാമത്തിനും മേലായ നാമം അവന്റെ മേൽ ചൊരിഞ്ഞു,

1 Pet. 2:9 എന്നാൽ നിങ്ങൾ, അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകളെ ഘോഷിക്കുവാൻ തക്കവണ്ണം, തിരഞ്ഞെടുക്കപ്പെട്ട ഒരു വംശവും, രാജകീയ പുരോഹിത വർഗവും, വിശുദ്ധ ജാതിയും, അവകാശത്തിനായി സ്വായത്തമാക്കപ്പെട്ട ജനവുമാകുന്നു;

E. നമ്മുടെ ആളത്തത്തിൽ നാം കർത്താവിന് പ്രമുഖത നൽകുകയും, എല്ലാ കാര്യങ്ങളും ദിവ്യ പ്രകൃതത്തിനൊത്തവണ്ണം ചെയ്യുകയും വേണം—വെളി. 22:1; കൊലൊ. 1:18; 2 പത്രൊ. 1:4.

Rev. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

Col. 1:18 ... അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു;

2 Pet. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ..

**VI. ദൈവത്തിന്റെ വ്യവസ്ഥ അനുസരിച്ച്, ദൈവത്തിൽ ആശ്രയിക്കുന്നവൻ ജീവജലത്തിന്റെ ഉറവയായ ദൈവത്തെ സൂചിപ്പിക്കുന്ന വെള്ളത്തിനരികെ നട്ടിരിക്കുന്ന ഒരു വൃക്ഷം പോലെയാണ്; നദിക്കരികെയുള്ള ഒരു വൃക്ഷം വെള്ളത്തിന്റെ സമ്പന്നതകളെല്ലാം ആഗിരണം ചെയ്തുകൊണ്ട് വളരുന്നു; ഇത് തന്റെ ദിവ്യ പകർച്ചയാൽ നിവർത്തിക്കപ്പെടുന്ന ദൈവത്തിന്റെ വ്യവസ്ഥയുടെ ഒരു ചിത്രമാണ്—യിരെ. 17:7-8:**

Jer. 17:7 യഹോവയിൽ ആശ്രയിക്കയും യഹോവ തന്നേ ആശ്രയമായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ.

Jer. 17:8 അവൻ വെള്ളത്തിന്നരികെ നട്ടിരിക്കുന്നതും ആറ്ററികെ വേരൂന്നിയിരിക്കുന്നതുമായ വൃക്ഷംപോലെയാകും; ഉഷ്ണം തട്ടുമ്പോൾ അതു പേടിക്കയില്ല; അതിന്റെ ഇല പച്ചയായിരിക്കും; വരൾച്ചയുള്ള കാലത്തും വാട്ടം തട്ടാതെ ഫലം കായിച്ചുകൊണ്ടിരിക്കും.

A. ദിവ്യ പകർച്ച സ്വീകരിക്കുന്നതിന് വൃക്ഷങ്ങളായ നാം വെള്ളമെന്ന നിലയിൽ ദൈവത്തെ ആഗിരണം ചെയ്യണം (പ്ര.നി. 1 കൊരി. 3:6; കൊലൊ. 2:7); വൃക്ഷങ്ങളായ നമ്മിലേക്ക് പകരപ്പെട്ട സഹായംനൽകുന്ന ദൈവത്തിന്റെ സമ്പന്നത നമ്മെ ദൈവത്തിന്റെ ദിവ്യത്വംകൊണ്ട് സംരചിക്കുകയും, ദൈവത്തിന്റെ അളവിലേക്ക് വളരുവാൻ നമ്മെ ഇടയാക്കുകയും ചെയ്യുന്നു (വാ. 19); ഈ രീതിയിൽ ഒരേ മൂലകവും, സാരാംശവും, സംരചനയും, ദൃശ്യഭാവവും ഉള്ളവരായി നാമും ദൈവവും ഒന്നായിത്തീരുന്നു (വെളി. 4:3; 21:11).

1 Cor. 3:6 ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു, ദൈവമത്രേ വളരുമാറാക്കിയത്.

Col. 2:7 അവനിൽ വേരൂന്നി പണിയപ്പെട്ടുകൊണ്ട്, നിങ്ങളെ ഉപദേശിച്ചതുപോലെ വിശ്വാസത്തിൽ ഉറച്ചും, സ്തോത്രത്തിൽ വർധിച്ചുംകൊണ്ട് തന്നെ.

Col. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

Rev. 4:3 ഇരിക്കുന്നവൻ കാഴ്ചയ്ക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ, സിംഹാസനത്തിനു ചുറ്റും കാഴ്ചയ്ക്കു മരതകത്തോട് സദൃശമായ ഒരു മഴവില്ലും ഉണ്ടായിരുന്നു.

Rev. 21:11 അവളുടെ വെളിച്ചം ഏറ്റവും വിലയേറിയ കല്ലുപോലെ, സ്ഫടിക സ്വച്ഛമായ സൂര്യകാന്തം പോലെ ആയിരുന്നു.

B. പ്രാർഥനയുടെ അർഥം നാം ദൈവത്തെ ആഗിരണം ചെയ്യുന്നതാണ്; നാം എത്രയധികം ദൈവത്തെ ബന്ധപ്പെടുന്നുവോ, അത്രയധികം നാം അവനെ ആഗിരണം ചെയ്യുന്നു, എത്രയധികം നാം അവനെ ആഗിരണം ചെയ്യുന്നുവോ, അത്രയധികം നാം അവനെ ആസ്വദിക്കുന്നു.

1. "ഞാൻ ആയിരിക്കുന്നതുപോലെ" (*ഗീതം*, #1048) എന്നു പറയുന്ന ഒരു ഗീതമുണ്ട്; ഇതർഥമാക്കുന്നത്, നമ്മുടെ അവസ്ഥയെ മെച്ചപ്പെടുത്തുവാനോ മാറ്റുവാനോ ശ്രമിക്കാതെ നാം ആയിരിക്കുന്നതുപോലെ ദൈവത്തിന്റെ അടുക്കലേക്ക് വരണം എന്നാണ്; ഈ വിധത്തിലായിരുന്നു നാം ക്രിസ്തുവിനെ സ്വീകരിച്ചത്, ഈ വിധത്തിൽ നാം ക്രിസ്തുവിൽ നടക്കണം—കൊലൊ. 2:6-7.

*Hymns* #1048

1 Just as I am, without one plea,

But that Thy blood was shed for me,
And that Thou bid'st me come to
Thee,O Lamb of God, I come! I come!

2 Just as I am, and waiting not
To rid my soul of one dark blot;
To Thee whose blood can cleanse each spot,
O Lamb of God, I come, I come!

3 Just as I am, though tossed about
With many a conflict, many a doubt;
Fightings within, and fears without,
O Lamb of God, I come, I come!

4 Just as I am, poor, wretched, blind;
Sight, riches, healing of the mind;
Yes, all I need, in Thee to find,
O Lamb of God, I come, I come!

5 Just as I am, Thou wilt receive,
Wilt welcome, pardon, cleanse, relieve;
Because Thy promise I believe,
O Lamb of God, I come, I come!

6 Just as I am, Thy love unknown
Has broken every barrier down;
Now, to be Thine, yea, Thine alone,
O Lamb of God, I come, I come!

Col. 2:6 ആകയാൽ നിങ്ങൾ യേശു കർത്താവായ, ക്രിസ്തുവിനെ കൈക്കൊണ്ടതുപോലെ, അവനിൽ നടക്കുവിൻ,

Col. 2:7 അവനിൽ വേരൂന്നി പണിയപ്പെട്ടുകൊണ്ട്, നിങ്ങളെ ഉപദേശിച്ചതുപോലെ വിശ്വാസത്തിൽ ഉറച്ചും, സ്തോത്രത്തിൽ വർധിച്ചുംകൊണ്ട് തന്നെ.

2. പ്രാർഥിക്കുക എന്നത് നാം ആയിരിക്കുന്നതുപോലെ കർത്താവിന്റെ അടുക്കൽ വരുന്നതാണ്; നാം കർത്താവിന്റെ അടുക്കൽ വരുമ്പോൾ, നമ്മുടെ ആന്തരിക അവസ്ഥയെ നാം അവന്റെ മുമ്പാകെ വയ്ക്കുകയും എല്ലാ കാര്യങ്ങളിലും നാം കുറവുള്ളവരാണെന്ന് അവനോട് പറയുകയും വേണം; നാം ബലഹീനരും, ആശയക്കുഴപ്പമുള്ളവരും, ദുഃഖിതരും, സംസാരശേഷിയില്ലാത്തവരുമാണെങ്കിലും, അപ്പോഴും നമുക്ക് ദൈവത്തിന്റെ അടുക്കൽ വരുവാൻ കഴിയും; നമ്മുടെ ആന്തരിക അവസ്ഥ എന്തുതന്നെയായാലും, നാം അതിനെ ദൈവത്തിന്റെ അടുക്കൽ കൊണ്ടുവരണം.

3. നമ്മുടെ അവസ്ഥയെക്കുറിച്ച് കരുതുന്നതിനുപകരം, അവനെ നോക്കിക്കൊണ്ടും, അവനെ ശ്രദ്ധിച്ചുകൊണ്ടും, അവനെ സ്തുതിച്ചുകൊണ്ടും, അവന് സ്തോത്രം ചെയ്തുകൊണ്ടും, അവനെ ആരാധിച്ചുകൊണ്ടും, അവനെ ആഗിരണം ചെയ്തുകൊണ്ടും അവനെ ബന്ധപ്പെടുവാൻ ദൈവത്തിന്റെ സാന്നിധ്യത്തിലേക്ക് നാം പ്രവേശിക്കണം; അപ്പോൾ നാം ദൈവത്തിന്റെ സമ്പത്ത് ആസ്വദിക്കുകയും, അവന്റെ മാധുര്യം രുചിക്കുകയും, വെളിച്ചമായും ശക്തിയായും അവനെ സ്വീകരിക്കുകയും, അകമെ സമാധാനമുള്ളവരും ശോഭയുള്ളവരും ശക്തരും ശക്തിപ്പെട്ടവരും ആയിരിക്കും; അപ്പോൾ വിശുദ്ധന്മാർക്ക് വചനം ശുശ്രൂഷിക്കുമ്പോൾ അവനുമായുള്ള ബന്ധത്തിൽ തുടരുന്നതിന്റെ പാഠം നാം പഠിക്കും—1 പത്രൊ. 4:10-11; 2 കൊരി. 2:17; 13:3.

1 Pet. 4:10 ഓരോരുത്തനും, തനിക്ക് വരം ലഭിച്ചിരിക്കുന്നതുപോലെ,

ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായി നിങ്ങളുടെ ഇടയിൽ അത് ശുശ്രൂഷിച്ചുകൊണ്ടുതന്നെ.

1 Pet. 4:11 ഒരുവൻ സംസാരിക്കുന്നുവെങ്കിൽ, ദൈവത്തിന്റെ അരുളപ്പാടുകൾ സംസാരിക്കുന്നതുപോലെ; ഒരുവൻ ശുശ്രൂഷിക്കുന്നുവെങ്കിൽ, ദൈവം പ്രദാനം ചെയ്യുന്ന ശക്തിയിൽനിന്ന് ശുശ്രൂഷിക്കുന്നതുപോലെ; അങ്ങനെ എല്ലാറ്റിലും ദൈവം യേശു ക്രിസ്തുവിലൂടെ മഹത്വപ്പെടേണ്ടതിനുതന്നെ, മഹത്വവും ബലവും എന്നെന്നേക്കും അവനുള്ളത്. ആമേൻ.

2 Cor. 2:17 ഞങ്ങൾ ലാഭത്തിനായി ദൈവവചനത്തിൽ മായം ചേർക്കുന്ന അനേകരെപ്പോലെയല്ല; ആത്മാർഥതയോടെ, ദൈവത്തിൽനിന്ന്, ക്രിസ്തുവിൽ ദൈവമുമ്പാകെയത്രേ ഞങ്ങൾ സംസാരിക്കുന്നത്.

2 Cor. 13:3 എന്നിൽ സംസാരിക്കുന്ന ക്രിസ്തുവിന്റെ തെളിവ് നിങ്ങൾ അന്വേഷിക്കുന്നുവല്ലോ, അവൻ നിങ്ങൾക്ക് ബലഹീനനല്ല, നിങ്ങളിൽ ശക്തനത്രേ.

**VII. യോഹ. 4:14 പറയുന്നു: “ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന [കുതിച്ചുയരുന്ന] നീരുറവയായിത്തീരും.”**

A. ഇത് ഒഴുകുന്ന ത്രിയേക ദൈവത്തെ വെളിപ്പെടുത്തുന്നു—(1) പിതാവാണ് സ്രോതസ്സായ ഉറവ്; (2) പുത്രനാണ് ഉറവിന്റെ ആവിർഭാവമായ പ്രവാഹം; (3) ആത്മാവാണ് ഒഴുക്കായ നദി; ത്രിയേക ദൈവം പിതാവ്, പുത്രൻ, ആത്മാവിലൂടെ നമ്മിലേക്കും, നമ്മുടെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് മറ്റുള്ളവരിലേക്കും ഒഴുകുന്നു—2 കൊരി. 13:14; യോഹ. 7:37-38.

2 Cor. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

John. 7:37 വിരുന്നിന്റെ മഹാനാളായ, ഒടുക്കത്തെ നാളിൽ, യേശു എഴുന്നേറ്റ് വിളിച്ചുപറഞ്ഞത്, ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ.

John. 7:38 തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും.

B. ത്രിയേക ദൈവത്തിന്റെ ഒഴുക്ക് "നിത്യജീവനിലേക്ക്" ആകുന്നു (4:14); പുതിയ യെരൂശലേം നിത്യജീവന്റെ ആകത്തുകയാണ്, നിത്യജീവനിലേക്ക് എന്നതിലെ *ലേക്ക്* അർഥമാക്കുന്നത് "പരിണമിക്കുക" അഥവാ "ആയിത്തീരുക" എന്നാണ്; അങ്ങനെ, നിത്യജീവന്റെ ആകത്തുക എന്ന നിലയിൽ പുതിയ യെരൂശലേമായിത്തീരുന്നതിന് പിതാവ് ഉറവയായും, പുത്രൻ പ്രവാഹമായും, ആത്മാവ് നദിയായും നമ്മിലേക്കും നമ്മോടുകൂടെയും ഒഴുകുന്നു.

John. 4:14b ... എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും എന്ന് ഉത്തരം പറഞ്ഞു.